**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാല ഹോസ്റ്റലുകളെ സംബന്ധിച്ച് സിൻഡിക്കേറ്റ് അന്വേഷണ സമിതിയുടെ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്.

---

**ഭരണ വിഭാഗം ബി 7 സെക്ഷൻ**

നമ്പർ. 2390/AD B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.05.2019

---

പരാമർശം:-1. 22.01.2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ ഒ എ 19/19.01

2. സ ഉ നം 403/2019/ എം ജി യു, തീയതി 05.02.2019

3. സർവ്വകലാശാല ഹോസ്റ്റലുകളെ സംബന്ധിച്ച സിൻഡിക്കേറ്റ് അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നത് ചർച്ച ചെയ്യുന്നതിനായി 29.04.2019 ൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്

**ഉത്തരവ്**

പരാമർശം (1) പ്രകാരം സർവ്വകലാശാല ഹോസ്റ്റലുക്കളെ സംബന്ധിച്ച സിൻഡിക്കേറ്റ് ശുപാർശകളിന്മേൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതിന് രജിസ്ട്രാറെ ചുമതല പ്പെടുത്തികൊണ്ട് ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ ബഹുമാനപ്പെട്ട വൈസ് ചാൻസലറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു.

1. പുരുഷ ഹോസ്റ്റലിലേക്ക് ഒരു അസിസ്റ്റന്റ് വാർഡനെ നിയമിക്കുന്നതിനും,
2. അടുത്ത അയന വർഷം മുതൽ ഹോസ്റ്റൽ അപേക്ഷകൾ ഓൺലൈൻ മുഖേന നടത്തുന്നതിനും,
3. പുതിയ വനിതാ ഹോസ്റ്റലിൽ താമസിക്കുന്ന വിദ്യാർത്ഥിനികളുടെ പേരു വിവരങ്ങൾ അടിയന്തിരമായി ശേഖരിക്കുവാനും ടി വിവരങ്ങൾ ഹോസ്റ്റൽ രജിസ്റ്ററിൽ ചേർത്ത് ഹോസ്റ്റൽ ഫീസുകൾ അടപ്പിക്കുവാനും, അവർ ഒഴിയുന്ന മുറക്ക് നിയമാനുസൃതം പ്രവേശനം നടത്തുവാനും,
4. പി എച്ച് ഡി വിദ്യാർത്ഥികൾക്ക് മൂന്ന് വർഷവും എം ഫിൽ വിദ്യാർത്ഥികൾക്ക് ഒരു വർഷവും ആവശ്യമുള്ളവർക്ക് അനുമതിയോടുകൂടി പരമാവധി 3 മാസം വരെയും മാത്രം അധികമായി തുടരുന്നതിനും, പി ജി വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയായ വിവരം അതാത് പഠന വകുപ്പിൽ നിന്നും അറിയിപ്പ് ലഭിക്കുന്നതു വരെ മാത്രവും ഹോസ്റ്റലിൽ താമസിക്കുന്നതിനു അനുവാദം നൽകുന്നതിനും ശുപാർശ ചെയ്തിരുന്നു.

മേൽ സൂചിപ്പിച്ചിരിക്കുന്ന ശുപാർശകൾ അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട വൈസ് ചാൻസലർ (i/c) ഉത്തരവായിരിക്കുന്നു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വെങ്കിടേശ്വരൻ .ആർ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)



Draft #1 of File 18413/AD B7/1/2019/AD B 7 Approved by ESTATE OFFICER ADMINISTRATION on 31-May-2019 11:15 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വിസിയുടെ പി എസ്
2. രജിസ്ട്രാറുടെ/ ഫിനാൻസ് ഓഫീസറുടെ/ പരീക്ഷാ കൺ ട്രോളറുടെ പി എമാർ
3. സർവകലാശാല പഠന വകുപ്പ് മേധാവികൾ
4. ജോയിന്റ് രജിസ്ട്രാർ I (ഭ വി)
5. ഡെപ്യൂട്ടി രജിസ്ട്രാർ II (ഭ വി )
6. ഫിനാൻസ്/ഓഡിറ്റ് വിഭാഗം
7. സർവ്വകലാശാല ഹോസ്റ്റൽ വാർഡന്മാർ
8. സർവ്വകലാശാല ഹോസ്റ്റൽ സെക്രട്ടറി/ മെസ് സെക്രട്ടറി
9. സർവ്വകലാശാല എഞ്ചിനീയർ
10. സെക്യൂരിറ്റി ഓഫീസർ
11. ഗവ: ഓഡിറ്റ്
12. കരുതൽ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 18413/AD B7/1/2019/AD B 7 Approved by ESTATE OFFICER ADMINISTRATION on 31-May-2019 11:15 AM - Page 2